## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## കൊല്ലം റൂറൽ പോലീസ് കൺട്രോൾ റൂമിന്റെ പ്രവർത്തനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :177 — 28/1/2019-ൽ മറുപടിക്ക്

**ചോദ്യം**
ശ്രീമതി.പി. അയിഷാ പോറ്റി

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൊല്ലം റൂറൽ പോലീസ് ജില്ലയിലെ കൺട്രോൾ റൂം പ്രവർത്തനത്തിന് ആവശ്യമായ പോലീസുകാരുടെ എണ്ണം എത്രയാണ്; | (എ) | കൊല്ലം റൂറൽ പോലീസ് ജില്ലയിലെ കൺട്രോൾ റൂം പ്രവർത്തനത്തിനായി താഴെപ്പറയും പ്രകാരം പോലീസുദ്യോഗസ്ഥരെ ആവശ്യമാണെന്നാണ് സംസ്ഥാന പോലീസ് മേധാവി റിപ്പോർട്ടു ചെയ്തിട്ടുള്ളത്.<br>സി.ഐ. - 1<br>എസ്.ഐ - 24<br>എസ്.സി.പി.ഒ/സി.പി.ഒ - 54<br>പി.സി. ഡ്രൈവർ - 7 |
| (ബി) | നിലവിൽ കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിന് പോലീസുകാരെ വിന്യസിച്ചിട്ടുള്ളത് എപ്രകാരമാണ്; | (ബി) | ജില്ലയിൽ വിവിധ പോലീസ് സ്റ്റേഷനുകളിലേക്ക് അനുവദിച്ചിട്ടുള്ള അംഗസംഖ്യയിൽ നിന്നും കൺട്രോൾ റൂം ഡ്യൂട്ടിക്കായി പോലീസുദ്യോഗസ്ഥരെ അറ്റാച്ച് ചെയ്തു വരുന്നു. |
| (സി) | റൂറൽ ജില്ലയിലെ കൺട്രോൾ റൂമിന്റെ പ്രവർത്തനത്തിന് ആവശ്യമായ പോലീസുകാരെ പ്രത്യേകമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | കൊല്ലം റൂറൽ പോലീസ് ജില്ലയുടെ ആസ്ഥാനമായ കൊട്ടാരക്കര കേന്ദ്രമാക്കി കൺട്രോൾ റൂം പ്രവർത്തനത്തിന് ആവശ്യമായ സ്ഥിരംഉദ്യോഗസ്ഥരെ നിയമിക്കുന്ന കാര്യം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന സമയത്ത് മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ